ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട താഴെപ്പറയുന്ന പഞ്ചായത്തുകളിൽ പി.എച്ച്.സി. യുടെ വികസനത്തിനായി എടുത്ത നടപടികളും ആയതിലേയ്ക്ക് ചെലവാക്കിയ തുകയും താഴെപ്പറയുന്നു.

1. പഴയകുന്നുമ്മേൽ

ഈ പഞ്ചായത്തിൽ നിന്നും ജനകീയാസൂത്രണപദ്ധതിയിൽ(1999-2000) ഉൾപ്പെടുത്തി അടയമൺ പി.എച്ച്.സി. യിൽ പദ്ധതിവിഹിതം 14,000 രൂപ ചെലവാക്കി ഒരു ഔഷധവിതരണകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

2. കിളിമാനൂർ

1997-98 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഒരു വാർഡ് നിർമ്മിച്ചു. ആശുപത്രി വൈദ്യുതീകരിച്ചു. ആശുപത്രിയിലേയ്ക്കാവശ്യമായ ഫർണിച്ചർ, ഫാൻ എന്നിവ വാങ്ങിച്ചു. പമ്പ്സെറ്റ് സ്ഥാപിച്ചു. ആശുപത്രി റോഡ് മെയിന്റനൻസ് നടത്തി. 2,81,543 രൂപ ചെലവായി.

3. മടവൂർ

1997-98-ലെ ജനകീയാസൂത്രണ പദ്ധതിയിൽ പി.എച്ച്.സി. കെട്ടിടം മെയിന്റനൻസിനായി പ്ലാൻഫണ്ടിൽനിന്നും 40,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കി പദ്ധതി പൂർത്തിയായി. 1998-99-ൽ തുംപേഴ് കുടുംബക്ഷേമ കേന്ദ്ര കെട്ടിടം മെയിന്റനൻസ്, കിണർ നിർമ്മാണം എന്നിവയ്ക്കു 20,000 രൂപാ ജനകീയാസൂത്രണപദ്ധതി പ്രകാരം ചെലവഴിച്ചു. പുളിമാത്ത്, പള്ളിക്കൽ, നാവായിക്കുളം, കരവാരം, മുദാക്കൽ എന്നീ പഞ്ചായത്തുകളിലെ പി.എച്ച്.സി. കളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രാഥമികാരോഗ്യകേന്ദ്രത്തോട് അനുബന്ധിച്ച് ഐ.പി. സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ

211 (213) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രത്തോട് അനുബന്ധിച്ച് ഐ.പി. സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എവിടെയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കിളിമാനൂർ മണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേശവദാസപുരം ആശുപത്രിയുടെ വികസനത്തിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന പി.എച്ച്.സി. കളിൽ കിളിമാനൂർ പി.എച്ച്.സി. യിൽ ഐ.പി. സൗകര്യം പൂർത്തീകരിച്ചിട്ടുണ്ട്. 20 കിടക്കകളുള്ള കെട്ടിടവും ഐ.പി. സൗകര്യവും ഇവിടെ ഉണ്ട്.

(ബി) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി കേശവപുരം സി.എച്ച്.സി. യിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ആശുപത്രി ഉപകരണങ്ങൾ, മെത്ത, വിരിപ്പ് തുടത്തിയവ വാങ്ങൽ.
2. ആശുപത്രിയിൽ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കിണർ കുഴിക്കൽ, പമ്പുസെറ്റ് ഘടിപ്പിക്കൽ.
3. വെയിറ്റിംഗ് ഷെഡ്, വാഹനം പാർക്കുചെയ്യുന്നതിനുള്ള ഷെഡ് എന്നിവയുടെ നിർമ്മാണം.
4. കക്കൂസ് സമുച്ചയത്തിന്റെ നിർമ്മാണം.
5. വെയ്സ്റ്റ്പിറ്റ് നിർമ്മിക്കൽ
6. വാർഡുകളിൽ ശുദ്ധജലം ലഭ്യമാക്കൽ.
7. എം.പി. ഫണ്ട് ഉപയോഗിച്ച് (20 ലക്ഷം രൂപ) വാർഡ് നിർമ്മാണം നിർമ്മിതിയെ ഏൽപ്പിച്ചിരിക്കുന്നു. പണിതുടങ്ങിയിട്ടേയുള്ളൂ.
8. ആർ.സി.എച്ച്.-ന്റെ കീഴിൽ 10 ലക്ഷം രൂപ ഉപയോഗിച്ച് ഓപ്പറേഷൻ തീയറ്ററും ലേബർറൂമും നിർമ്മിക്കൽ ഏകദേശം പൂർത്തിയായി.

വക്കം കമ്മ്യൂണിറ്റി സെന്ററിന്റെ സബ്സെന്ററിന്റെ ഉദ്ഘാടനം

212 (214) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വക്കം കമ്മ്യൂണിറ്റി സെന്ററിന്റെ സബ്സെന്ററിന്റെ ഉദ്ഘാടനം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിനെയോ സ്ഥലം എം.എൽ.എ. യെയോ അറിയിക്കാതെ നടത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ ഉദ്ഘാടന ചടങ്ങിൽ ഏതെല്ലാം ആരോഗ്യ വകുപ്പു ജീവനക്കാർ പങ്കെടുത്തിട്ടുണ്ട് ;

(സി) ഈ ഉദ്ഘാടനത്തോടനുബന്ധിച്ച് കൂടിയ യോഗത്തിൽ പങ്കെടുത്തു പ്രസംഗിച്ച ഡോക്ടറിൽ നിന്നും വിശദീകരണം വാങ്ങിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly